I.ഇ.ബി.XIകേരള നിയമസഭ/IV33

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ആഗസ്റ്റ് 1, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

ശ്രദ്ധക്ഷണിക്കൽ

പ്ലാന്റേഷൻ കോർപ്പറേഷൻ വക ഭൂമി മറ്റ് ആവശ്യങ്ങൾക്കായി കൈമാറ്റം ചെയ്യാനുള്ള നീക്കം ഉപേക്ഷിക്കലും തൊഴിലാളികൾക്ക് വേതനക്കുടിശ്ശിക ലഭ്യമാക്കലും

ശ്രീ. ടി.പി. രാമകൃഷ്ണൻ: പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികൾക്ക് 2001 ജൂലൈ മുതലുള്ള മൂന്നര മാസത്തെ ശമ്പളവും 400 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും കിട്ടാനുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടും പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനവു മനുസരിച്ചുള്ള ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നിഷേധിച്ചിരിക്കുകയാണ്. പ്രോവിഡന്റ് ഫണ്ട് വിഹിതവും കോർപ്പറേഷൻ അടയ്ക്കാനുണ്ട്. തൊഴിലാളികൾക്ക് നിയമവിധേയമായി ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന തരത്തിൽ ഒരു വെൽഫെയർ ഫണ്ടിന് രൂപം നൽകിക്കൊണ്ട് 2–7–2002–ൽ കോർപ്പറേഷൻ എം.ഡി. ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുകയാണ്. തൊഴിലാളികൾക്ക് കൂലിയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക നൽകാൻ ഈ ഫണ്ട് വിനിയോഗിക്കാനാ ണുദ്ദേശിക്കുന്നത്. തൊഴിലാളികളെ നിർബ്ബന്ധപൂർവ്വം ഈ വെൽഫെയർ ഫണ്ടിൽ ചേർക്കാനുമുള്ള നിയമവിരുദ്ധമായ ശ്രമമാണ് നടക്കുന്നത്. പ്ലാന്റേഷൻ ലേബർ ആക്ട്, കമ്പനി ആക്ട് എന്നിവ പ്രകാരം ഇങ്ങനെയൊരു വെൽഫെയർ ഫണ്ട്

രൂപീകരിക്കുന്നത് അനുവദനീയമാണോയെന്നും കൃഷി വകുപ്പിന്റേയും തൊഴിൽ വകുപ്പിന്റേയും അറിവോടുകൂടി

യാണോ ഇത് രൂപീകരിക്കുന്നതെന്നും വ്യക്തമാക്കണം. തൊഴിലാളികളുടെ കൂലിക്കുടിശ്ശികയും മറ്റാനുകൂല്യങ്ങളും എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കണം. പ്ലാന്റേഷൻ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ചീമേനി, പേരാമ്പ്ര എസ്റ്റേറ്റുകൾ മറ്റാവശ്യങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത എസ്റ്റേറ്റുകളിൽ നിലവിലുള്ള തൊഴിലാളികൾക്ക് ജോലി ഉറപ്പു വരുത്തിയിട്ടേ മറ്റാവശ്യങ്ങൾക്ക് സ്ഥലം കൈമാറ്റം ചെയ്യാൻ പാടുള്ളൂ. ഗവൺമെന്റ് അതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): സാമ്പത്തിക പരാധീനത യുടെ ഫലമായി പ്ലാന്റേഷൻ കോർപ്പറേഷനിൽ 2001 ജൂലൈ മാസത്തിനുശേഷം ശമ്പളം കൊടുക്കാൻ സാധിച്ചിട്ടില്ല. 95 കോടി 88 ലക്ഷം രൂപ ശമ്പളക്കുടിശ്ശികയുള്ളത് കൈകാര്യം ചെയ്യേണ്ട രീതിയെക്കുറിച്ച് വിവിധ ട്രേഡ് യൂണിയൻ സംഘടനകളും മാനേജ്മെൻറും തമ്മിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ കാലയളവിലെ ശമ്പളം കൊടുക്കേണ്ടതില്ലെന്നും തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു വെൽഫെയർ ഫണ്ട് രൂപീകരിച്ചാൽ മതിയെന്നും എഗ്രിമെന്റ് ഉണ്ടാക്കി. ഗവൺമെന്റിന്റെ അറിവോടെയല്ല ആ എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. 2001 ഒക്ടോർ മുതൽ തുടർച്ചയായി ശമ്പളം കൊടുക്കുന്നുണ്ട്. മതിയായ ജാമ്യം നൽകാൻ തയ്യാറായിട്ടും ബാങ്കുകളിൽ നിന്നുപോലും പണം കിട്ടാതെ സ്ഥാപനം ജപ്തി നടപടികളിലേയ്ക്ക് പോയ സാഹചര്യത്തിലാണ് ഇങ്ങനെയൊരു എഗ്രിമെന്റ് ഉണ്ടാക്കിയത്. ചീമേനി, പേരാമ്പ്ര എസ്റ്റേറ്റുകൾ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ ലവലിൽ നടപടികൾ സ്വീകരിച്ചത് ഗവൺമെന്റുമായി ആലോചിച്ചിട്ടല്ല. ആലത്തൂർ എസ്റ്റേറ്റ് കൈമാറുന്നത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ആലോചന നടന്നിട്ടുണ്ട്. അവിടെയുള്ള തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടേ എസ്റ്റേറ്റ് കൈമാറുകയുള്ളൂ.

## 2. വാനില/പുഷ്പക്കൃഷി പദ്ധതികൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരളത്തിലെ പാവപ്പെട്ട കർഷകർക്ക് ഫലപ്രദമായ വിധത്തിൽ ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ ചൂഷണം ചെയ്യുന്നതിനുള്ള അനുകൂലമായ നീക്കങ്ങൾ സംസ്ഥാന ഗവൺമെന്റ് ആരംഭിക്കണം. ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കി കാർഷികരംഗം പുന:സംഘടിപ്പിക്കാനുള്ള സംയുക്ത നീക്കങ്ങളുണ്ടാകണം. അതിനുതകുന്ന വിധം സംസ്ഥാനത്തെ വീട്ടമ്മമാരേയും പാവപ്പെട്ട കർഷക കുടുംബങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് വീട്ടുവളപ്പിൽ നടപ്പിലാക്കുന്ന വാനില/പുഷ്പ കൃഷി പദ്ധതികൾ വലിയൊരു മൂവ്മെന്റായി മാറ്റാൻ ശ്രമിക്കണം. സ്വാശ്രയ കർഷക കുടുംബങ്ങളേയും ചെറുകിട കർഷക കുടുംബങ്ങളേയും നാമമാത്ര കർഷകരേയും സഹായിക്കാനുള്ള ഒരു പദ്ധതിയായി ഇതിനെ വിപുലപ്പെടുത്തണം. പാവപ്പെട്ട സ്ത്രീകൾക്ക് വീട്ടിലിരുന്നുകൊണ്ട് അവരുടെ കായികാദ്ധ്വാനം വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ഈ പദ്ധതി

വ്യാപകമാക്കണം. ഇതിനു സഹായകരമായ വിധത്തിൽ ദേശീയ ഹോർട്ടികൾച്ചറൽ ബോർഡിന്റെ സഹായത്തോടും സാങ്കേതിക സഹകരണത്തോടും വീട്ടമ്മമാരുടെ പങ്കാളിത്തത്തിൽ വീട്ടുവളപ്പിൽ നടപ്പിലാക്കുന്ന വാനില/പുഷ്പ കൃഷി പദ്ധതികൾ അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): കാർഷികരംഗം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും ആഗോളവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി നിയോഗിച്ച ഡോ. സ്വാമിനാഥൻ കമ്മിറ്റിയുടേയും കാർഷിക രംഗത്ത് ടിഷ്യൂ കൾച്ചറും ബയോടെക്നോളജിയും ഉപയോഗിച്ച് രോഗപ്രതിരോധവും ഉൽപ്പാദനവും വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ഇടവിളകൾ കൃഷി ചെയ്യുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടേയും ഇടക്കാല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വീട്ടുവളപ്പിൽ ഇടവിള കൃഷി വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശീയ ഹോർട്ടിക്കൾച്ചർ ബോർഡിന്റെ സഹായത്തോടും സാങ്കേതിക സഹകരണത്തോടും വീട്ടുവളപ്പിൽ തെങ്ങുകൃഷി അടിസ്ഥാനമാക്കി വാനില/പുഷ്പ കൃഷി, മറ്റു അനുബന്ധ കൃഷികൾ എന്നിവ വൻ തോതിൽ നടത്തി കാർഷിക കുടുംബങ്ങളുടെ അഭിവൃദ്ധി ഉറപ്പാക്കുന്നതിന്റെ ഭാഗമായി അടൂരിൽ ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ 2.2 ലക്ഷം വാനില തൈകൾ സ്പൈസസ് ബോർഡിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കഴക്കൂട്ടത്തു പ്രവർത്തിക്കുന്ന ടിഷ്യൂ കൾച്ചർ ലാബിൽ നിന്ന് ആവശ്യമായ ടിഷ്യൂ കൾച്ചർ തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യാനും നടപടികളെടുത്തുവരുന്നു. വാനില തൈകളുടെ ലഭ്യത ഉറപ്പുവരുത്തിയതിനുശേഷം ദേശീയ ഹോർട്ടികൾച്ചറൽ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി അടൂരിൽ വൻ തോതിൽ വാനില കൃഷി തുടങ്ങുന്നതാണ്. ഇതുവഴി പാലക്കാട് രണ്ടായിരം കുടുംബങ്ങൾക്കും ആലപ്പുഴയിൽ ആയിരം കുടുംബങ്ങൾക്കും പ്രയോജനമുണ്ടാകുന്നതാണ്.

## സബ്മിഷൻ

1. കശുവണ്ടിത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ: കഴിഞ്ഞ പതിനാലു മാസക്കാലമായി കശുവണ്ടിത്തൊഴിലാളികൾ പട്ടിണിയിലാണ്. കൊല്ലം ജില്ലയിലെ വിവിധ ട്രേഡ് യൂണിയനുകളിൽപ്പെട്ട കശുവണ്ടിത്തൊഴിലാളികൾ അവരുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് കൊല്ലം കളക്ടറേറ്റ് പിക്കറ്റു ചെയ്യുകയാണ്. 17–6–2002–ന് ഇതു സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുവെങ്കിലും കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള കമ്പനികളൊന്നും തന്നെ ഇതുവരെ തുറന്നു പ്രവർത്തിപ്പിച്ചിട്ടില്ല. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും കുറച്ചുകൊണ്ട് 2002 മേയ് മാസത്തിൽ ഗവൺമെന്റ്

പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കണം. സ്വകാര്യ കശുവണ്ടിത്തൊഴിലാളി മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കണം. കശുവണ്ടിത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറി കൾ തുറന്ന് പ്രവർത്തിപ്പിക്കാനും ബോണസ് ഉൾപ്പെടെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾ ് യഥാസമയം ലഭ്യമാക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി..കെ. കുഞ്ഞാലിക്കുട്ടി): ഗവൺമെന്റ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്നിട്ടും കാപ്പക്സിനും കാഷ്യു ഡവലപ്പമെന്റ് കോർപ്പറേഷനുമായി 15 കോടി രൂപ അഡ്വാൻസായി കൊടുത്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ഈ രണ്ട് സ്ഥാപനങ്ങളും വൻ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. നഷ്ടം കുറച്ചുകൊണ്ടുവന്ന് കശുവണ്ടി ഫാക്ടറികളെല്ലാം തുറന്നു പ്രവർത്തിപ്പിക്കണമെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ മേഖലയിൽ ചെലവുചുരുക്കൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിന്റെ ഫലമായി കാപ്പക്സിന്റെ 5 കശുവണ്ടി ഫാക്ടറികൾ തുറക്കാൻ കഴിഞ്ഞു. ബാക്കി 5 ഫാക്ടറികൾ ഈ മാസം തുറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ തുറപ്പിക്കുന്നതിനും ഗവൺമെന്റ് പരമാവധി സഹായങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും സംഘനാ നേതാക്കളുമായും ചർച്ച ചെയ്തു പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് ഗവൺമെന്റ് അശ്രാന്ത പരിശ്രമം നടത്തുന്നതാണ്.

(2) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ മാദ്ധ്യമപ്രവർത്തകരെ മർദ്ദിച്ച സംഭവം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ജൂലായ് 27-ാം തീയതി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കത്തോലിക്കാ ബാവയുടെ സ്വീകരണച്ചടങ്ങ് റിപ്പോർട്ട് ചെയ്യാൻ എത്തിയ ജസ്റ്റിൻ ജോസഫ്, എബി കുരുവേലി, സതീഷ്കുമാർ എന്നീ മാദ്ധ്യമപ്രവർത്തകരെ പോലീസുകാരും സി.ഐ.എസ്.എഫ്. കാരും ചേർന്ന് ക്രൂരമായി മർദ്ദിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം കുറ്റക്കാരായ സി.ഐ.എസ്.എഫ്. കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ .ആന്റണി): ഡമാസ്ക്കസിൽനിന്ന് ശ്രേഷ്ഠ കത്തോലിക്കാ ബാവ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോൾ അദ്ദേഹത്തെ വരവേൽക്കാൻ കൂടിയ ജനാവലിയോടൊപ്പം തള്ളിക്കയറാൻ ശ്രമിച്ച മാദ്ധ്യമപ്രവർത്തകരെ എയർപോർട്ടിന്റെ സമ്പൂർണ്ണ സുരക്ഷാ ചുമതലയുള്ള സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥർ തടഞ്ഞു. ഇതിൽ പ്രകോപിതരായ മാദ്ധ്യമപ്രവർത്തകരും സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥരും തമ്മിൽ ഉന്തും തള്ളുമുണ്ടായതിനെത്തുടർന്ന് ജസ്റ്റിൻ ജോസഫ്, സതീഷ്കുമാർ, എബി കുരുവേലി എന്നീ മാദ്ധ്യമപ്രവർത്തകർക്ക് പരിക്കുപറ്റിയതായി പറഞ്ഞ് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും രണ്ട്

സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥന്മാർക്ക് പരിക്കുപറ്റിയതായി പറഞ്ഞ് ആലുവ കാർമൽ ആശുപത്രി യിലും ചികിത്സയ്ക്കായി പ്രവേശിപ്പിച്ചു. ഈ സംഭവത്തിന്റെ പേരിൽ പത്രക്കാരുടേയും സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥന്മാരുടേയും പരാതികൾ പ്രകാരം രണ്ട് ക്രൈം കേസ്സുകൾ

ചെങ്ങമനാട് പോലീസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തെപ്പറ്റി ബിനാമിപുരം സർക്കിൾ ഇൻസ്പെക്ടർ വിശദമായ അന്വേഷണം നടത്തിവരുന്നു.

(3) ഹിൽ ഹൈവേയുടെ അലൈൻമെൻറ് പൂർത്തീകരണവും ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കരുവഞ്ചാൽ-താഴത്തങ്ങാടി-താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ അലൈൻമെന്റ് അംഗീകരിക്കണമെന്ന ആവശ്യവും

ശ്രീ. കെ.സി. ജോസഫ്: 1-3-1997-ൽ പ്രഖ്യാപിച്ച ഹിൽ ഹൈവേയുടെ അലൈൻമെൻറ് എത്രയും വേഗം ഫൈനലൈസ് ചെയ്യണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കരുവഞ്ചാൽ-താഴത്തങ്ങാടി-താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ അലൈൻമെന്റ് അംഗീകരിക്കുകയും ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടി ഹിൽ ഹൈവേയുടെ പണികൾ അടിയന്തിരമായി പൂർത്തിയാക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): ഹിൽ ഹൈവേയുടെ അലൈൻമെന്റിനെ സംബന്ധിച്ച് നാട്പാക് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഹിൽ ഹൈവേയുടെ പ്രാഥമിക റൂട്ടുകളിൽ ഉൾപ്പെടുന്ന കണ്ണൂർ ജില്ലയിലെ കരുവഞ്ചാൽ-ഒട്ടുവള്ളിത്തട്ട്-നടുവിൽ എന്നതിനുപകരം ദൂരംകുറഞ്ഞ കരുവഞ്ചാൽ-താഴത്തങ്ങാടി-താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റൂട്ട് അംഗീകരിക്കണമെന്ന നിർദ്ദേശത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് നട്പാക്കിനെ ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം റൂട്ടിന്റെ വിശദാംശങ്ങളെക്കുറിച്ചും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സഹായം സ്വീകരിക്കുന്ന കാര്യത്തെക്കുറിച്ചും തീരുമാനമെടുക്കുന്നതാണ്.

(4) വടക്കാഞ്ചേരിയിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ്

ശ്രീ. വി. ബാലറാം: വിസ്തൃതിയുള്ളതും ഉപഭോക്താക്കളുടെ എണ്ണത്തിൽ വൻ വർദ്ധനവുമുള്ള തൃശ്ശൂർ വെസ്റ്റ് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് വിഭജിച്ച് താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): വൈദ്യുതി ബോർഡിന്റെ മോശമായ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകളും ഓഫീസുകളും അനുവദിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ വടക്കാഞ്ചേരിയിൽ ഒരു പുതിയ

ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല. കൂടുതൽ വിസ്തൃതിയുള്ളതും ഉപഭോക്താക്കളുടെ എണ്ണം കൂടിയതുമായ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾ വിഭജിക്കുന്ന അവസരത്തിൽ ഈ ആവശ്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(5) കിനാലൂർ റബ്ബർ എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ.സി. ഷണ്മുഖദാസ്: കോഴിക്കോട് ജില്ലയിലെ കിനാലൂർ റബ്ബർ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് മാനേജ്മെന്റ് കഴിഞ്ഞ ഒന്നര വർഷമായി ഒരു കാരണവും കൂടാതെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്നില്ലെന്നു മാത്രമല്ല കഴിഞ്ഞ നാലു മാസമായി ശമ്പളം പൂർണ്ണമായി നിഷേധിച്ചിരിക്കുകയുമാണ്. ഈ ദയനീയ സ്ഥിതിക്ക് പരിഹാരമുണ്ടാക്കി തൊഴിലാളികളെ പട്ടിണിയിൽനിന്ന് രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): കഴിഞ്ഞ മാർച്ച് മാസത്തിനുശേഷം തൊഴിലാളികൾക്ക് കൃത്യമായി ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് മൂന്ന് നാല് കോൺഫറൻസുകൾ വിളിച്ചുകൂട്ടിയെങ്കിലും എല്ലാ യൂണിയനിലും പെട്ടവർ ഹാജരായില്ല. ബന്ധപ്പെട്ട എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ട് 17-8-02-ൽ വീണ്ടും കോൺഫറൻസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് എസ്റ്റേറ്റിനെ സംബന്ധിച്ച കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്ന സ്ഥിതിക്ക് തീർച്ചയായും ആവശ്യമായ ചർച്ചകൾ നടത്തി എത്രയുംവേഗം പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(6) പുന്നമടക്കായലിൽ ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നീക്കം

ശ്രീ. കെ.സി. വേണുഗോപാൽ: ആലപ്പുഴ പുന്നമടക്കായലിലെ നെഹ്രു ട്രോഫി വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് ധൃതഗതിയിൽ നടത്താനുള്ള നീക്കം നടക്കുന്നുണ്ട്. അത് വള്ളംകളിയേയും ആലപ്പുഴയിലെ നിർദ്ദിഷ്ട ടൂറിസ്റ്റ് കോംപ്ലക്സിനേയും ടൂറിസം മേഖലയേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇൻലാൻഡ് നാവിഗേഷൻ ഉദ്യോഗസ്ഥന്മാരും ട്രാൻസ്പോർട്ട്-ടൂറിസം വകുപ്പുമന്ത്രിയും കൂടിച്ചേർന്ന് ഒരു കോൺഫറൻസ് നടത്തി ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ആലപ്പുഴ ദേശീയ ജലപാതയിലെ പുന്നമടയിൽ ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യ ആദ്യം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത് ഒരു ഓയിൽ കാർഗോ ടെർമിനൽ ആണ്. എന്നാൽ ഇപ്പോൾ അത് മാറ്റി ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ജനറൽ കാർഗോ ടെർമിനൽ സ്ഥാപിക്കാൻ പോകുന്നു എന്ന് 25-5-2002-ൽ ഔദ്യോഗികമായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടെർമിനലിനുവേണ്ടിയുള്ള സ്ഥലം തെരഞ്ഞെടുത്തിട്ടുള്ളത് അതിനടുത്തുതന്നെ യാണെങ്കിലും വള്ളംകളിക്കും കാണികളുടെ സൗകര്യത്തിനുമായി

ടെർമിനലിന്റെ മുൻഭാഗത്തായി 10 മീറ്റർ വിസ്താരത്തിൽ സ്ഥലസൗകര്യം നൽകിയിട്ടുണ്ടെന്ന് ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നെഹ്രു ട്രോഫി വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിലുണ്ടാകുന്ന ഒരു പ്രശ്നമാണ് ഇത്. ടൂറിസം ഡിപ്പാർട്ടുമെന്റ് അവിടെ ഒരു ബോട്ട്ജെട്ടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു സംയുക്ത പരിശോധന നടത്തി നിർദ്ദിഷ്ട ടെർമിനൽ സ്ഥാപിക്കുന്ന സ്ഥലത്തിന്റെ രൂപരേഖ അടക്കമുള്ള വിവരം സമർപ്പിക്കണമെന്ന് ജില്ലാ കളക്ടറോട്

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിന്റെ മാപ്പ് അടക്കമുള്ള ഒരു രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു പരിപാടി എന്നുള്ള നിലയിൽ വള്ളംകളിയെ ബാധിക്കാത്ത രീതിയിൽ ഈ പ്രശ്നം പരിഹരിക്കാനേ സർക്കാർ സമ്മതിക്കുകയുള്ളു. അതിനുവേണ്ടി ബന്ധപ്പെട്ടവരെ വിളിച്ചുകൂട്ടി ചർച്ചചെയ്ത് അന്തിമ തീരുമാനം എടുക്കുന്നതാണ്.

7. ചെറുകിട അച്ചാർ ഉല്പാദകർക്കെതിരെയുള്ള കേസുകൾ

ശ്രീ. വി.കെ.സി. മമ്മത്കോയ: അച്ചാറുകൾ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായികൾക്കെതിരെ മായംചേർക്കൽ കുറ്റം ചുമത്തി 1997-ന് മുമ്പ് എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): ഭക്ഷ്യസാധനങ്ങളിൽ മായംചേർക്കൽ നിരോധന നിയമത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി നിയമത്തിൽ ഭേദഗതി വരുത്തിയതനുസരിച്ച് 'pickle in oil' എന്ന് നാമകരണം ചെയ്തത് മാറ്റി 'pickle' എന്ന് മാത്രം നാമകരണം ചെയ്ത് അസിഡിറ്റി, ക്ലോറൈഡ് ഇവയിൽ ഏതെങ്കിലും ഒന്ന് മതിയായ അളവിൽ മതിയെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി വരുത്തുന്നതിനുമുമ്പ് ഫയൽ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കുന്ന കാര്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

8. അനീഷിന്റെ കൊലപാതകം

പ്രൊഫ. എ.ഡി. മുസ്തഫ: പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൂടാളി പഞ്ചായത്തിലെ താറ്റ്യൂടിൽ വച്ച് 26-7-2002-ന് രാത്രി കോൺഗ്രസ് പ്രവർത്തകനായ അനീഷിനെ കൊലപ്പെടുത്തിയതിനെക്കുറിച്ച് അന്വേഷിക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): 26-7-2002-ന് രാത്രി കണ്ണൂർ-മട്ടന്നൂർ കൂടാളിയിൽ ചായക്കടയിൽ പത്രം വായിച്ചുകൊണ്ടിരുന്ന കൂടാളി സ്വദേശികളായ അനിൽ കുമാർ, അനീഷ് എന്നിവരെ പുറത്തുനിന്ന് വന്ന ഒരു സംഘം ആളുകൾ ദേഹോപദ്രവം ഏൽപ്പിക്കുകയും ക്രൂരമായി മർദ്ദിക്കുകയും അനിൽ കുമാർ ഓടി രക്ഷപെടുകയും ചെയ്തു. ഗുരുതരമായി

പരിക്കേറ്റ അനീഷിനെ ചികിത്സയ്ക്കായി ആശുപത്രിയിലെത്തിച്ചപ്പോഴേയ്ക്കും മരണപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം മട്ടന്നൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 4 സി.പി.എം. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒളിവിൽ പോയ പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യാനും അന്വേഷണം ഊർജ്ജിതമാക്കാനും മട്ടന്നൂർ സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) <u>ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. ബിനോയ് വിശ്വം</u> : അൺഎയ്ഡഡ് സ്ക്കൂളുകളിൽ ഘട്ടംഘട്ടമായി പ്ലസ് ടൂ കോഴ്സ് അനുവദിച്ചതുകൊണ്ടും വ്യക്തമായ നിബന്ധനകൾ രൂപീകരിക്കാത്തതുമൂലവും ഹയർ സെക്കന്ററി വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടി യുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. നാലകത്ത് സൂപ്പി)</u>: സംസ്ഥാനത്ത് ഇക്കൊല്ലം എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പഠിക്കാൻ അവസരം ലഭിക്കാൻ വേണ്ടിയാണ് കൂടുതൽ പ്ളസ് ടൂ സീറ്റുകൾ എയിഡഡ്-അൺഎയിഡഡ് മേഖലയിൽ അനുവദിച്ചത്. ക്ളാസ്സുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ വർഷാവസാനം അത് നികത്തുന്നതിനുള്ള നിർദ്ദേശം പ്രത്യേകമായി നൽകുന്നതാണ്.

(10) <u>കുണ്ടന്നൂർ- തിരുവാങ്കുളം റോഡിന്റെയും ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജിന്റെയും നിർമ്മാണം</u>

<u>ശ്രീ. കെ. ബാബു</u> : വർഷങ്ങൾക്കുമുൻപ് അലൈൻമെന്റ് അംഗീകരിച്ച കൊച്ചി – മധുര ഹൈവേയുടെ കുണ്ടന്നൂർ-തിരുവാങ്കുളം റോഡിന്റെയും എൻ.എച്ച്-17-ലെ ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെയും പണി അടിയന്തിരമായി ആരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. എം.കെ. മുനീർ)</u>: കൊച്ചി-മധുര റോഡിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റിന് 1977-ൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ബൈ പാസ് നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നതാണ്. നാഷണൽ ഹൈവേ-17-ൽ ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സ്ഥലമെടുപ്പിന്റെ പണികൾ അവസാന ഘട്ടത്തിലാണ്. റെയിൽവേ ഓവർ ബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണ ത്തിനുള്ള എസ്റ്റിമേറ്റുകളുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. ടി. എം. ജേക്കബ്</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. ജി. കാർത്തികേയൻ</u>): പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: ബില്ലിനുള്ള ഭേദഗതികൾ വിതരണം ചെയ്തിട്ടില്ല. ആയതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കണം.

<u>മി. സ്പീക്കർ</u>: ഗവൺമെന്റ് പ്രസ്സിൽനിന്നും അച്ചടിച്ച് കിട്ടിയതെല്ലാം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളവ പ്രസ്സിൽ നിന്നും കിട്ടുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. അംഗങ്ങൾ കൊടുത്തിട്ടുള്ള എല്ലാ ഭേദഗതികളും അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: നിയമനിർമ്മാണകാര്യം നടത്തുന്നതിനുമമ്പ്, ആദിവാസി ക്ഷേമ ഫണ്ട് . . . . . . . . . .

(ആദിവാസി ക്ഷേമ ഫണ്ട് ദുർവ്വിനിയോഗം ചെയ്തതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി ഉന്നയിക്കാൻ പ്രതിപക്ഷനേതാവിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങി ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

597. 2–ാം വകുപ്പ് (എഫ്) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്:

" (എഫ്) " പമ്പ് ചെയ്യുന്ന കിണർ " എന്നാൽ കിണറിൽ നിന്നും വെള്ളം അടിച്ചു കയറ്റുന്നതിനുവേണ്ടി വൈദ്യുത മോട്ടോറോ എണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനോ കൊണ്ട് പ്രവർത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച കിണർ എന്നർത്ഥമാക്കുന്നതും, അതിൽ 1.5 കുതിര ശക്തിവരെയുള്ള എഞ്ചിനോ മോട്ടോറോ പ്രവർത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച തുറന്ന കിണറുകളും 3 കുതിര ശക്തിവരെയുള്ള എഞ്ചിനോ മോട്ടോറോ

പ്രവർത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച കുഴൽ കിണറുകളും ബോർവെല്ലുകളും ഡഗ്–കം ബോർവെല്ലുകളും ഉൾപ്പെടാത്തതുമാകുന്നു;

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

2–ാം ഖണ്ഡം (ഡി) ഉപഖണ്ഡത്തിൽ "6–ാം വകുപ്പ് 2–ാം ഉപവകുപ്പ് " എന്നതിന് പകരം "6–ാം വകുപ്പ് (1)–ാം ഉപവകുപ്പ് " എന്ന് ചേർക്കുക.

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3–ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 3(3)–ൽ (v) മുതൽ (x) വരെയുള്ള ഇനങ്ങൾ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, --
(എ) രണ്ട് നിയമസഭാംഗങ്ങൾ
(ബി) ഒരു ജലവിഭവ വിദഗ്ദ്ധൻ
(സി) ഒരു ഗ്രാമപഞ്ചായത്ത് അംഗം
(ഡി) ഒരു മുനിസിപ്പൽ കൗൺസിൽ അംഗം
(ഇ) പട്ടികജാതിയിൽപ്പെട്ടതോ പട്ടികവർഗ്ഗത്തിൽപ്പെട്ടതോ ആയ ഒരാൾ
(എഫ്)) ഒരു വനിത.

3–ാം ഖണ്ഡത്തിൽ ഉപഖണ്ഡം 3 ((x) നുശേഷം xi–ഉം xiiഉം ആയി താഴെ പറയുന്നത് ചേർക്കുക:

"(xi) സംസ്ഥാനത്തെ പൊതുപ്രവർത്തകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ

(xii) സംസ്ഥാനത്തെ പരിസ്ഥിതി പ്രവർത്തകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ''.

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു:

ഖണ്ഡം 4–ന്റെ തലക്കെട്ട് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

4. ''ചെയ്ത പ്രവൃത്തികൾ ക്രമക്കേട്, ഒഴിവ് മുതലായവയുടെ പേരിൽ അസാധുവാക്കാൻ പാടില്ലെന്ന്''.

ഖണ്ഡം 4 (എ)–ൽ ''അവയുടെ രൂപീകരണത്തിലുള്ള ന്യൂനതയോ'' എന്നതിനു പകരം ''അതിന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ'' എന്നു ചേർക്കുക.

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

ജലവിഭവവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 5–ൽ ''അതോറിറ്റി അവർക്ക് നൽകുന്ന'' എന്നതിനു പകരം ''അതോറിറ്റി അവർക്ക് രേഖാമൂലം നൽകുന്ന'' എന്ന് ചേർക്കുക.

ഖണ്ഡം 5–ൽ ''അധികാരങ്ങളും കർത്തവ്യങ്ങലും വിനിയോഗിക്കേണ്ടതുമാണ് '' എന്നതിനു പകരം ''അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്'' എന്ന് ചേർക്കുക

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു. ഖണ്ഡം 6(2)-ൽ "പ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ" എന്നതിനുപകരം "വിപുലപ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിൽ" എന്നു ചേർക്കുക.

ഖണ്ഡം 6(2)-ൽ "പഞ്ചായത്ത് ഓഫീസിന്റെയോ മുനിസിപ്പാലിറ്റി ഓഫീസിന്റെയോ അതതു സംഗതി പോലെ" എന്നതിനു പകരം "അതതു സംഗതി പോലെ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയും നഗരസഭാ ഓഫീസിന്റെയും വില്ലേജ് ഓഫീസിന്റെയും" എന്നു ചേർക്കുക.

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ .ടി.എം. ജേക്കബ്): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 7(3)-ൽ `രീതിയിൽ` എന്നതിന് ശേഷം `അപേക്ഷകനെ` എന്ന് ചേർക്കുക.

ഖണ്ഡം 7(7)(സി)-യിൽ "ഭൂജലത്തിന്റെ ലഭ്യത" എന്നതിന്റെ മുൻപിൽ "ആ പ്രദേശത്തെ" എന്ന് ചേർക്കുക.

ഖണ്ഡം 7(7)(ഇ) ഇനത്തിനുശേഷം താഴെപ്പറയുന്ന പുതിയ ഇനം ചേർക്കുക
(ഇ. ഇ.) ഭൂജലമലിനീകരണ സാദ്ധ്യത

(1) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "ഒരു കുഴൽ കിണർ" എന്ന വാക്കുകൾക്കു പകരം "ഒരു കിണർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 7-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "തൊണ്ണൂറ് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8–ാം വകുപ്പ്

ജലവിഭവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): താഴെപ്പറയുന്ന ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

ഖണ്ഡം 8 ഉപഖണ്ഡം 5(ബി) താഴെപ്പറയുന്ന പ്രകാരം മാറ്റി എഴുതുക

"(ബി) ആ പ്രദേശത്ത് നിലവിലുള്ള മറ്റ് ഉപഭോക്താക്കൾ "

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9–ാം വകുപ്പ്

9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10–ാം വകുപ്പ്

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

10–ാം വകുപ്പ് (3)–ാം ഉപവകുപ്പിന്റെ ക്ളിപ്ത നിബന്ധനയിൽ "നൂറ്റി ഇരുപത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്കു പകരം "തൊണ്ണൂറ് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11 മുതൽ 27 വരെയുള്ള വകുപ്പുകൾ

11 മുതൽ 27 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11 മുതൽ 27 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): 2002–ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2002–ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

പ്രമേയം

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ''2002 ഓഗസ്റ്റ് 2–ാം തീയതി വെള്ളിയാഴ്ച അനൗദ്യോഗിക അംഗങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്ന സമയം നിയമനിർമ്മാണത്തിനായി വിനിയോഗിക്കണമെന്നും അന്നേദിവസം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമ വിരുദ്ധമായതോ ആയ പ്രവർത്തനങ്ങൽ നിരോധിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ രാവിലെ 10.29–ന് പിരിഞ്ഞു.